(ബി)

ആശ്രിത നിയമനം വഴി		
വർക്ക് അസിസ്റ്റന്റ്	..	3
പമ്പ് ഓപ്പറേറ്റർ	..	8
സ്വീപ്പർ	..	5
സ്വീപ്പർ-കം-സ്കാവഞ്ചർ	..	6
സ്റ്റോർ ഇഷ്യൂവർ	..	35
പി. എസ്. സി. വഴി		
വർക്ക് അസിസ്റ്റന്റ്	..	864
കോച്ച് ബിൽഡർ	..	26
അപ്ഹോൾസ്റ്റർ	..	28
ബ്ലാക്ക്സ്മിത്ത്	..	179
പെയിന്റർ	..	45
ഗാർഡ്	..	134
എ. എസ്. കെ.	..	2
കണ്ടക്ടർ	..	3091
പി. എസ്. സി. വഴിയല്ലാത്ത നിയമനം		
ഡ്രൈവർ	..	3629

(സി) ഈ സർക്കാർ അധികാരത്തിൽ വരുന്നതുവരെയുണ്ടായിരുന്ന മുഴുവൻ പി. എസ്. സി. എംപാനൽകാരെയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ഒ. പി. നം. 37878/01 എന്ന കേസിലെ സി. എം. പി. ഓർഡർ നം. 67078/01 പ്രകാരം ബഹു. ഹൈക്കോടതിയുടെ 14-12-2001-ലെ ഉത്തരവ് പ്രകാരമാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ബാക്കിയുള്ളവരേയും റഗുലറൈസ് ചെയ്യുന്നതാണ്.

(ഡി) ഇല്ല. ഇക്കാര്യം പരിശോധിച്ചുവരികയാണ്.

നിരത്തിലിറക്കിയ പുതിയ ബസ്സുകൾ

135 [549] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് എത്ര പുതിയ കെ. എസ്. ആർ. ടി. സി. ബസ്സുകൾ നിരത്തിലിറക്കി; ഇതിൽ വലിയ ബസ്സുകൾ എത്ര എന്നും ചെറിയ ബസ്സുകൾ എത്ര എന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുവദിച്ച പുതിയ ബസ്സ് റൂട്ടുകൾ ഏതെല്ലാം എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 408 പുതിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. ഇതിൽ 302 എണ്ണം വലിയ ബസ്സുകളും ബാക്കി 106 എണ്ണം ചെറിയ ബസ്സുകളുമാണ്.

(ബി) അനുബന്ധമായി ചേർക്കുന്നു. †

സഹകരണ ബാങ്കിലെ വായ്പാ കുടിശ്ശികയും നിഷ്ക്രിയ ആസ്തിയും

136 [563] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:
,, *എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ വായ്പാ കുടിശ്ശികയും നിഷ്ക്രിയ ആസ്തിയും ക്രമാതീതമായി കൂടി വരുന്ന സ്ഥിതി വിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാനദണ്ഡങ്ങൾ ലംഘിച്ചും മതിയായ ഈടു വാങ്ങാതെയും വായ്പകൾ നൽകുന്നതുമൂലമാണിതുണ്ടാകുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തിരിച്ചടവ് ശേഷി ഉണ്ടെന്ന് ഉറപ്പു വരുത്താതെ കടലാസ് കമ്പനികൾക്കും വ്യക്തികൾക്കും ഭരണസമിതി വായ്പ നൽകുന്നതുമൂലം ബാങ്കിന്റെ സാമ്പത്തിക ഭദ്രത ഇല്ലാതാവുകയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഏറ്റവും ഒടുവിലത്തെ ആഡിറ്റ് ചെയ്ത കണക്ക് പ്രകാരം ബാങ്കിന്റെ നിഷ്ക്രിയ ആസ്തിയും വായ്പാ കുടിശ്ശികയും എത്ര രൂപാ വീതമാണെന്നും, നിലവിലുള്ള ഭരണസമിതി അധികാരത്തിൽ വരുമ്പോൾ അത് എത്ര ആയിരുന്നു എന്നും വ്യക്തമാക്കാമോ;

(ഇ) നബാർഡിന്റെ ഇൻസ്പെക്ഷൻ വിംഗ് ബാങ്ക് പരിശോധനകൾക്ക് ശേഷം തയ്യാറാക്കിയ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) ഷെഡ്യൂൾ ബാങ്കുകളിലെ വായ്പാ കുടിശ്ശിക തിരിച്ചടയ്ക്കുന്നതിന് സഹകാര്യ വ്യക്തികൾക്ക് സംസ്ഥാന സഹകരണ ബാങ്ക് ടേക്ക് ഓവർ വായ്പ നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്രകോടി വീതമെന്ന് വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly